പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4309. 24.06.2019 ൽ മറുപടിയ്ക്ക്

ലഹരി വിപണനം തടയാനായി പ്രത്യേക നിരീക്ഷണ സംവിധാനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എസ്.ശർമ്മ<br>,, വി. ജോയി<br>,, ടി.വി.രാജേഷ്<br>ശ്രീമതി.പി. അയിഷാ പോറ്റി | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | അന്താരാഷ്ട്ര ബന്ധമുള്ള വിവിധ സംഘങ്ങൾ രാജ്യത്തേക്ക് മയക്കമരുന്ന് കടത്തുന്നതിന്റെ ഇടത്താവളമായി സംസ്ഥാനത്തെ ഉപയോഗിക്കാൻ നടത്തുന്ന ശ്രമം തകർക്കുന്നതിനായി കേന്ദ്ര സേനയുടെയും സംസ്ഥാന പോലീസിന്റെയും പങ്കാളിത്തത്തോടെ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | നിയമവിരുദ്ധ ലഹരിപദാർത്ഥങ്ങളുടെ കടത്തൽ, വ്യാപനം, വിപണനം എന്നിവ തടയുന്നതിന് സംസ്ഥാന പോലീസിന്റെയും കേന്ദ്ര ഏജൻസികളുടെയും സഹായ സഹകരണങ്ങൾ എക്സൈസ് വകുപ്പ് സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ വിമാനത്താവളങ്ങളുടെയും തുറമുഖങ്ങളുടെയും പരിസരവും ഇവിടങ്ങളിലേക്കുള്ള റോഡുകളും പാഴ്സൽ ഏജൻസികളുടെ ഓഫീസുകളും നിരന്തരം നിരീക്ഷിക്കുകയും ചെക്ക് പോസ്റ്റുകളിലും പ്രധാന പാതകളിലും വാഹന പരിശോധന ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വിവിധ എൻ.ഡി.പി.എസ് കേസുകളിലായി കഞ്ചാവ്, ഹാഷിഷ്, എം.ഡി.എം.എ, ചരസ്സ്, ഓപ്പിയം, എൽ.എസ്.ഡി. എന്നിവയ്ക്ക് പുറമെ വിവിധയിനം ഗുളികകളും പിടിച്ചെടുത്തിട്ടുണ്ട്. ഈ കേസുകളിൽ, എൻ.ഡി.പി.എസ്. നിയമപ്രകാരം ശക്തമായ നിയമനടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | സംസ്ഥാനത്തുനിന്ന് പിടിച്ച മയക്കമരുന്നുകളിൽ അധികവും ഉന്മാദ മരുന്നുകൾ (എം.ഡി.എം. എ.) എന്നറിയപ്പെടുന്ന അത്യപകടകാരികളായ ഗുളിക രൂപത്തിലുള്ള രാസസംയുക്തങ്ങൾ ആണെന്നത്, സംസ്ഥാനത്തെ ഗുരുതരമായ പ്രശ്നങ്ങളിലേക്ക് നയിക്കാനിടയുള്ളതിന്റെ സൂചകമായതിനാൽ മരുന്നുകടകളും കോളേജുകളും സ്കൂളുകളും കേന്ദ്രീകരിച്ച് പ്രത്യേക നിരീക്ഷണ | (ബി) | അത്യപകടകാരികളായ ഗുളിക രൂപത്തിലുള്ള ലഹരി പദാർത്ഥങ്ങളുടെ വിപണനവും വ്യാപനവും തടയാൻ ഡ്രഗ്സ് കൺട്രോൾ വകുപ്പുമായി ചേർന്നും അല്ലാതെയും ശക്തമായ പരിശോധനകൾ നടത്തിവരുന്നു. ലഹരി അടങ്ങിയ മരുന്നുകൾ വിൽപ്പന നടത്തുന്നത് നിയമപ്രകാരമാണോയെന്ന് രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെടുകയും, ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന മരുന്നുശാലകൾക്കെതിരെ നിയമപ്രകാരമുള്ള കേസ്സെടുക്കുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ സ്റ്റോറുകളിൽ നിന്നും ലഭിക്കുന്ന ചില മരുന്നുകൾ ലഹരിയ്ക്കായി ഉപയോഗിക്കുന്നതായി |

| | | | |
|---|---|---|---|
| | സംവിധാനം ഏർപ്പെടുത്താമോ; | | ശ്രദ്ധയിൽ പെട്ടതിനാൽ ഇത്തരം മരുന്നുകൾ കുറിപ്പടികളില്ലാതെ നല്കുന്നത് തടയുവാൻ ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെ സഹകരണത്തോടെ നടപടി സ്വീകരിച്ചിട്ടുണ്ട്. ലഹരി വിമുക്ത ക്യാമ്പസുകൾ സൃഷ്ടിക്കുന്നതിന് കോളേജുകളിലും സ്കൂളുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ചിട്ടയായി പ്രവർത്തനം നടത്തി വരുന്നുണ്ട്. കൂടാതെ സ്കൂൾ കോളേജ് പരിസരങ്ങളിലും മറ്റ് പൊതു സ്ഥലങ്ങളിലും ലഹരിയുടെ സാന്നിദ്ധ്യം വ്യാപനം, വിപണനം എന്നിവ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങളുടെയും വിദ്യാർത്ഥികളുടെയും ശ്രദ്ധയിൽപ്പെട്ടാൽ ആയത് എക്സൈസ് കമ്മീഷണറുടെ 24 മണിക്കൂറും സജ്ജമായ വാട്സ് ആപ്പ് നമ്പരിലേക്ക് നേരിട്ട് അറിയിക്കുന്നതിനുള്ള ആധുനിക സാങ്കേതിക സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | അത്യാധുനിക ഉപകരണങ്ങൾ ഉൾപ്പെടെ ഏർപ്പെടുത്തിക്കൊണ്ട് ലഹരി വസ്തുക്കളുടെ വിപണനവും വിനിയോഗവും അവസാനിപ്പിക്കാനുതകുന്ന വിധത്തിൽ എക്സൈസ് വകുപ്പിനെ ശാക്തീകരിക്കാനും ആധുനീകരിക്കാനും നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) | ലഹരി വസ്തുക്കളുടെ വിപണനവും വിനിയോഗവും അവസാനിപ്പിക്കാനുതകുന്ന വിധത്തിൽ എക്സൈസ് വകുപ്പിനെ ശാക്തീകരിക്കുന്നതിന്റെയും, ആധുനീകരിക്കുന്നതിന്റെയും ഭാഗമായി എക്സൈസ് വകുപ്പിൽ രണ്ട് ജില്ലകളിൽ ആധുനിക വയർലസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ആയത് മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മയക്ക് മരുന്നുകൾ വേഗം കണ്ടെത്തി കേസ്സെടുക്കുന്നതിനായി എക്സൈസ് വകുപ്പ് എൻ.സി.ബിയുമായി ചേർന്ന് നർക്കോട്ടിക് ഡ്രഗ്സ് ഡിറ്റക്ഷൻ കിറ്റുകൾ കേരളത്തിലെ 14 ജില്ലകളിലും വിതരണം ചെയ്തിട്ടുണ്ട്. എക്സൈസ് ഇൻസ്പെക്ടർ മുതൽ മുകളിലോട്ട് റാങ്കിലുള്ള ഉദ്യോഗസ്ഥർക്ക് റിവോൾവർ/പിസ്റ്റൾ ലഭ്യമാക്കിയിട്ടുണ്ട്. വകുപ്പിലെ മുഴുവൻ ഉദ്യോഗസ്ഥർക്കും അടിസ്ഥാന പരിശീലനം നൽകുകയും തുടർപരിശീലനത്തിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**